(എ) സംസ്ഥാനത്ത് സർക്കാരും കോർപ്പറേഷനുകളും നേരിട്ട് നടത്തിവരുന്ന കൃഷി സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) അവയിൽ ഏതെല്ലാം ലാഭത്തിൽ നടന്നുവരുന്നു;

(സി) നഷ്ടത്തിൽ നടക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ഡി) ലാഭനഷ്ടകണക്കുകൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ അധീനതയിൽ കൃഷി സ്ഥാപനങ്ങളായി 61 ഫാമുകൾ നിലവിലുണ്ട്. ഇവ സ്റ്റേറ്റ് സീഡ് ഫാമുകളായി 33 എണ്ണവും ജില്ലാ ഫാമുകളായി 10 എണ്ണവും കോക്കനട്ട് നഴ്സറികളായി 8 എണ്ണവും സ്പെഷ്യൽ ഫാമുകളുടെ വിഭാഗത്തിൽ 10 എണ്ണവുമാണ്.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയല്ല. കർഷകർക്ക് ഗുണമേന്മയേറിയ നടീൽ വസ്തുക്കൾ ന്യായവിലക്കോ സൗജന്യമായോ ഉല്പാദിപ്പിച്ചു നൽകുകയാണ് ലക്ഷ്യം.

(സി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

103 (1069) കാലവർഷക്കെടുതിമൂലം കാർഷികമേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിമൂലം കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ കണക്കായിട്ടുണ്ടോ?

(ബി) എങ്കിൽ നാണ്യവിളകൾക്കും കാർഷിക വിളകൾക്കുമുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

(സി) ഏതെല്ലാം വിളകൾക്കാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

(ബി) 1999-ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ആകെ 964 ലക്ഷം രൂപയുടെ കാർഷിക വിളനാശം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രധാനപ്പെട്ട താഴെപ്പറയുന്ന കാർഷിക വിളകൾക്കാണ് നഷ്ട പരിഹാരം നൽകി വരുന്നത്. നെല്ല്, തെങ്ങ്, വാഴ, റബ്ബർ, കശുമാവ്, കമുക്, കൊക്കോ, കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, ഏലം, വെറ്റില, പയർ, ചേന, ചേമ്പ്, മുതലായ ചെറുകിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പൈനാപ്പിൾ, കൂൺകൃഷി, മൾബറി, പുകയില, പരുത്തി.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പലപ്പോഴും അഭ്യർത്ഥിച്ചിട്ടുണ്ട്.

104(1070) കാലവർഷക്കെടുതിമൂലം നാശനഷ്ടം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തു തുക വീതമാണ് നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാലവർഷക്കെടുതിമൂലമുണ്ടായ നഷ്ടം നികത്തുന്നതിന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കാലവർഷകെടുതി മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിനായി അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1.	തിരുവനന്തപുരം	20 ലക്ഷം രൂപ
2.	കൊല്ലം	20 ലക്ഷം രൂപ
3.	പത്തനംതിട്ട	25 ലക്ഷം രൂപ
4.	ആലപ്പുഴ	50 ലക്ഷം രൂപ
5.	കോട്ടയം	10 ലക്ഷം രൂപ
6.	ഇടുക്കി	5 ലക്ഷം രൂപ
7.	എറണാകുളം	10 ലക്ഷം രൂപ
8.	തൃശ്ശൂർ	10 ലക്ഷം രൂപ
9.	പാലക്കാട്	20 ലക്ഷം രൂപ
10.	മലപ്പുറം	5 ലക്ഷം രൂപ
11.	കോഴിക്കോട്	10 ലക്ഷം രൂപ
12.	കണ്ണൂർ	5 ലക്ഷം രൂപ
13.	വയനാട്	5 ലക്ഷം രൂപ
14.	കാസർഗോഡ്	5 ലക്ഷം രൂപ
	ആകെ	200 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly